# പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ വഴിവിളക്ക്

**വിജു നായരങ്ങാടി**

മലയാളകവിതയിൽ പരിസ്ഥിതി ഒരു സൗന്ദര്യശാസ്ത്ര പ്രശ്നമായും രാഷ്ട്രീയപ്രശ്നമായും തീരുന്നത് എൺപതുകളിലാണ്. നമ്മുടെ കവിതയിൽ ആധുനികതയുടെ പടിയിറക്കം ആരംഭിക്കുമ്പോൾ പരിസ്ഥിതി സൗന്ദര്യശാസ്ത്രമായിരുന്നു കവിതയുടെ പ്രമേയധാരയിൽ മുഖ്യപങ്കു വഹിച്ചിരുന്നത്. അക്കാലത്തും കവിതയിൽ, പരിസ്ഥിതി സംബന്ധമായ രചനകൾ ഒറ്റപ്പെട്ട നീക്കങ്ങളായിരുന്നെങ്കിലും അവയ്ക്ക് എൺപതുകളിൽ ഒരു സംഘടിതശ്രമത്തിന്റെ ഛായ ലഭിച്ചിരുന്നു.

തന്റെ ചുറ്റുപാടുമുള്ള പ്രകൃതിയോട് മലയാളത്തിലെ ഏതു കാലത്തെ കവിയും സ്നേഹമസൃണമായി പെരുമാറുകയും പ്രതികരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ നമ്മുടെ മഹാകാവ്യപാരമ്പര്യം നഗരാർണ്ണവശൈലർത്തുക്കളെക്കുറിച്ചുള്ള അപദാനങ്ങളായി തീരുകയും ചെയ്തു. അക്കാലത്ത് തന്റെ മനസ്സിലുള്ള പ്രമേയത്തെ ചിട്ടവട്ടങ്ങളൊപ്പിച്ച് പ്രകൃതി വർണ്ണനകളിലേയ്ക്ക് സന്നിവേശിപ്പിക്കുമ്പോൾ കവിയ്ക്ക് മനസ്സു കൊണ്ടെങ്കിലും തന്റെ ചുറ്റുപാടുമുള്ള പ്രകൃതിപ്രപഞ്ചങ്ങളെ കൃത്രിമമായി കൈകാര്യം ചെയ്യേണ്ടി വന്നിരുന്നില്ല. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് കാവ്യരൂപങ്ങളിൽ മാറ്റമുണ്ടായപ്പോഴേയ്ക്കും സസ്യസമ്പന്നമായ കേരളത്തിൽ കവിയ്ക്ക് പ്രകൃതിയെ ഇറക്കുമതി ചെയ്ത് വർണ്ണിക്കേണ്ടിവന്നു. പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ വെളിച്ചത്തിൽ കവിതയെ സ്പർശിക്കുമ്പോൾ ഇതൊരു പ്രഥമദുരന്തമായി മുന്നിൽ നിൽക്കുന്നു.

പ്രകൃതിവർണ്ണനയിൽ മലയാള കവിതയെ അതിശയിപ്പിച്ചത് ഒരു പക്ഷേ, ചങ്ങമ്പുഴയാണ്. വാക്കുകൾക്ക് സംഗീതത്തിന്റെ ചിത്രശലഭഭംഗി നൽകി ചങ്ങമ്പുഴ വരഞ്ഞിട്ട പ്രകൃതി ചിത്രങ്ങൾ വിശാലവും ഹരിതമോഹനവുമായ ഭൂപ്രദേശത്തിന്റെ മുഴുവൻ മനോഹാരിതയും പകരുന്നവയാണ്. യവനികയിലും രമണനിലും തുടങ്ങി എണ്ണിയാലൊടുങ്ങാത്ത വിധം സുകല്പിതവും സുന്ദരവുമായ ഭൂപ്രദേശങ്ങളിലൂടെ ചങ്ങമ്പുഴ തന്റെ തേരോടിച്ചുപോകുകയായിരുന്നു. എന്നാൽ ചങ്ങമ്പുഴ പുന:സൃഷ്ടിച്ച ഈ 'ഗ്രാമഭംഗി' കേരളത്തിന്റെ ഗ്രാമ ഭംഗിയായിരുന്നില്ല. മറിച്ച് അത് ചങ്ങമ്പുഴ ഇറക്കുമതി ചെയ്തു സൃഷ്ടിച്ച തന്റെ മാനസ ഗ്രാമമായിരുന്നു. തീവ്രകാല്പനികനായ കവിയുടെ മാനസലോകം പടച്ചുവിട്ട തികച്ചും കൃത്രിമമായ ഗ്രാമ - പ്രകൃതി സങ്കല്പമായിരുന്നു അത്. ചങ്ങമ്പുഴയ്ക്കു ശേഷം ഈ ഗ്രാമസങ്കല്പം മറഞ്ഞുപോയി. തുടർന്ന് ഇടശ്ശേരിയിലും വൈലോപ്പിള്ളിയിലും പി.യിലും തികച്ചും വിഭിന്നമായ ഒരു ഗ്രാമ - പ്രകൃതി സങ്കല്പരൂപപ്പെട്ടുവരികയുമുണ്ടായി. എന്നാൽ മലയാളിയുടെ ആസ്വാദനബോധത്തിൽ ചക്രവർത്തി പദത്തിൽ വാണ ചങ്ങമ്പുഴയുടെ മാനസഗ്രാമസങ്കല്പത്തോട് മലയാളി അപ്പോഴേയ്ക്കും അത്രമേൽ സമരസപ്പെട്ടുകഴിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ ഇടശ്ശേരിയോ വൈലോപ്പിള്ളിയോ പി.യോ ഗ്രാമത്തെക്കുറിച്ച് സംസാരിക്കാൻ ശ്രമിച്ചപ്പോഴൊന്നും മലയാളി ചെവികൊടുക്കാൻ ശ്രമിച്ചതുമില്ല. കേരളീയ പ്രകൃതിയും അതിന്റെ നിത്യനൂതനമായ ചാരുതയും അന്യം നിന്നു പോകുന്നു എന്നതിനെ നേരിടാനായുമ്പോഴെല്ലാം മലയാളി 'പൂത്തമരങ്ങൾ' മാത്രം തിങ്ങി നിറഞ്ഞ പ്രകൃതിയെ അന്വേഷിച്ചാണ് പോയത്. ഈ അന്വേഷണം വ്യർത്ഥമാണെന്നും മലയാളിയുടെ ആന്തരപ്രകൃതിയും കേരളത്തിന്റെ സസ്യപ്രകൃതിയും അഭിന്നമായി വർത്തിക്കുന്നുവെന്നും മനസ്സിലായതിന്റെ പ്രതികരണമായിട്ടായിരുന്നു എൺപതുകളിലെ കവികൾ പരിസ്ഥിതി പ്രശ്നത്തെ അതിന്റെ രാഷ്ട്രീയ ഭൂമികയിൽ തന്നെ അംഗീകരിച്ചത്.

ഈ രാഷ്ട്രീയഭൂമിക അതിന്റെ അസ്ഥിവാരം പണിതതു ഇടശ്ശേരിയുടെ പ്രകൃതിദർശനത്തിലായിരുന്നു. കേരളീയപ്രകൃതിയെ മനുഷ്യപ്രകൃതിയോട് അടുപ്പിച്ചു നിർത്തിയ പി.യിൽ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം പക്ഷേ, ഒരു രാഷ്ട്രീയ പ്രശ്നമായി തീർന്നിരുന്നില്ല. അത് പി.യുടെ പ്രതിഭയുടെ പ്രത്യേകതകൊണ്ടുകൂടിയായിരുന്നു. കേരളത്തെ കണ്ടു തളർന്ന കണ്ണുകളായിരുന്നു പി.യുടേത്. ഓരോ കാഴ്ചയും പി. കണ്ടുതീർത്തത് ജീവിതത്തിലെ അവസാനകാഴ്ചപോലെയായിരുന്നുതാനും. അതുകൊണ്ടുതന്നെ അതൊരുതരം കണ്ടുപേക്ഷിക്കലുമായിരുന്നു. ഓരോ കാഴ്ചയിലും തന്റെ കാഴ്ചവട്ടത്തെത്തുന്ന പ്രകൃതിയുടെ പ്രകൃതമാറ്റത്തിനോട് സന്ധിചെയ്യാൻ പി.യിലെ പഴമനസ്സ് വിസമ്മതിക്കുകയും ചെയ്തിരുന്നു. ഈ വിസമ്മതത്തിന്റെ പ്രതികരണം പോലെ പി.യു

ടെ കവിത പതിഞ്ഞ പദം പാടിവന്നപ്പോൾ വൈലോപ്പിള്ളി പ്രകൃതിയെക്കുറിച്ച് താൻ കണ്ടത് വിളിച്ചുപറയുകയും സാർത്ഥകമായ ഒരു മാറ്റം മോഹിക്കുകയും ചെയ്തു. 'ഞാനൊരു സൗന്ദര്യാത്മകകവിമാത്രം എന്ന് വൈലോപ്പിള്ളി പറഞ്ഞുറപ്പിച്ചേടത്തുനിന്ന് ഇടശ്ശേരിയിലെത്തുമ്പോൾ പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ രാഷ്ട്രീയത്തെ ക്രാന്തദർശിത്വത്തോടെ മലയാളിയുടെ ധിഷണയുടെയും സൗന്ദര്യബോധത്തിന്റെയും മുന്നിലേയ്ക്ക് ഇടശ്ശേരി സധീരം ഉയർത്തിപ്പിടിക്കുകയായിരുന്നെന്നു കാണാം.

മലയാളത്തിന്റെ മഹാപ്രതിഭകളുടെ കവിതയെ നിർണ്ണയിച്ചത് പലപ്പോഴും അവരിൽ വേരൂന്നിയ വിഭക്തവ്യക്തിത്വമായിരുന്നു. കുഞ്ഞിരാമൻനായരിൽ മാത്രമായിരുന്നു വിഭക്തവ്യക്തിത്വത്തിന്റെ ആന്തരസംഘർഷം നിർണ്ണായകമാകാതിരുന്നത്. ഭക്തകവിയെന്ന് കുഞ്ഞിരാമൻ നായരെ തെറ്റിവായിക്കാൻ ഇടയാക്കിയതും ഈ ഘടകത്തിന്റെ അപര്യാപ്തയാണ്. വൈലോപ്പിള്ളിയിൽ വിഭക്തവ്യക്തിത്വം സ്വന്തം കാവ്യചേതനയെ നിർവ്വചിക്കാനുള്ള ഉപാധിയായിത്തീർന്നപ്പോൾ ഇടശ്ശേരിയിൽ ആത്മപരിശോധനയ്ക്കും അതുവഴികാലങ്ങൾക്കപ്പുറത്തേയ്ക്ക് വ്യാപരിക്കുന്ന പ്രവാചകസത്തയെ വളർത്തുന്നതിനും കവിയെ സഹായിക്കുകയാണുണ്ടായത്.

പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെ സംബന്ധിച്ച് ഇടശ്ശേരിക്കവിതയിൽ ഒരു തരം പ്രവാചകസാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്നു. അടിസ്ഥാനപരമായി ഇടശ്ശേരിയിൽ കവിയോടൊപ്പം ഒരു കർഷകനും നിറഞ്ഞുനിൽക്കുന്നുണ്ട്. തന്റെ കാവ്യബിംബങ്ങളിലും പ്രമേയ സ്വീകാര്യങ്ങളിലും ഇടശ്ശേരി കാത്തുസൂക്ഷിച്ച തനിമ, കർഷകന്റെ ജീവിതാനിശ്ചിതത്വത്തിൽനിന്ന് അദ്ദേഹം കരുപ്പിടിപ്പിച്ചെടുത്തതാണ്. കാർഷിക ജീവിതം മാസവരുമാനക്കാരന്റെ സുനിശ്ചിത വരവു ചെലവു കണക്കുകൾ പോലെ ചാക്രികമല്ല. നിറയെ അനിശ്ചിതത്വങ്ങളും ആകാംക്ഷകളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ഋജുവല്ലാത്ത ഒരു ജീവിതപന്ഥാവാണ് കർഷകന് സ്വന്തമായിട്ടുള്ളത്. ഈയൊരനിശ്ചിതത്വത്തെയാണ് ഇടശ്ശേരി നെഞ്ചേറ്റിയത്. ഈ അനിശ്ചിതത്വത്തിൽ നിന്നാണ് കവിതയോടും പ്രകൃതിയോടും നേരിട്ട് സംവദിക്കുന്ന തത്ത്വശാസ്ത്രം അദ്ദേഹം രൂപപ്പെടുത്തിയതും.

കവിതയും സാഹിത്യവും ജീവിതത്തിൽ നേരിട്ട് ഇടപെടുന്ന കാലഘട്ടത്തിലാണ് ഇടശ്ശേരി സാഹിത്യപ്രവർത്തനം നടത്തിപ്പോന്നത്. അക്കാലത്ത് കഥയിലും നോവലിലും കവിതയിലും പ്രവർത്തിച്ചവർ തങ്ങളുടെ പ്രവർത്തനത്തിന്റെ ഫലം അനുഭവിച്ച പിൽക്കാല തലമുറയെ നോക്കി പുളകം കൊള്ളാറുള്ളത് നാം നിരന്തരം കണ്ടുകഴിഞ്ഞ കഥകളാണ്. എന്നാൽ ഇടശ്ശേരിക്ക് കവിത സാമൂഹ്യജീവിതത്തിൽ ഇടപെടാനുള്ള ഉപാധിയായിരുന്നില്ല. മറിച്ച് സ്വന്തം ജീവിതത്തെ സാമൂഹ്യജീവിതവുമായി പങ്കുവെയ്ക്കാനുള്ള ആയുധമായിരുന്നു. ഈ പങ്കുവെയ്ക്കലിൽ ഉത്കണ്ഠകളും പരിഹാസങ്ങളും രോഷങ്ങളും നിർമ്മമമായ ചിരികളും നിറഞ്ഞുനിന്നു. അതുകൊണ്ടുതന്നെയാണ് താൻ കാണുന്ന പ്രകൃതിയും പരിസ്ഥിതിയും, വരാനിരിക്കുന്ന കാലത്തിന്റെ കയ്യിൽ തീരെ ഭദ്രമല്ല എന്ന് ഉറപ്പിച്ചു പറയാൻ അദ്ദേഹത്തെ ശക്തനാക്കിയത്.

സന്ദിഗ്ദ്ധതകളില്ലാതെയാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെ ഇടശ്ശേരി സമീപിച്ചത്. പരിസ്ഥിതി വാദികളായ കവികളിൽ തീർച്ചകളില്ലാത്ത സമീപനം ഒരു തുടർക്കഥയായി മലയാളകവിത കണ്ടുപോന്നിട്ടുണ്ട്. പരിസ്ഥിതിയുടെ സ്വച്ഛന്ദമായ വികാസപരിണാമങ്ങളിൽ മനുഷ്യൻ നിരന്തരം ഇടപെടുന്നു. ഇതിന്റെ പിന്നിൽ മനുഷ്യന്റെ ഭൗതികാവശ്യങ്ങളാണ് മുന്നിട്ടു നിൽക്കുന്നത്. വിറകുതൊട്ട് വൈദ്യുതിവരെയും പാർപ്പിടം തൊട്ട് കൃത്രിമോദ്യാനം വരെയും ഈ ആവശ്യങ്ങളിൽ ഉൾപ്പെടും. ഈ ആവശ്യങ്ങളെ പ്രതിരോധിക്കണമോ എന്ന സന്ദിഗ്ദ്ധത പരിസ്ഥിതിവാദികളായ കവികളിൽ ഒരു നൈതിക പ്രശ്നമായി മാറിയിട്ടുണ്ട്. എന്നാൽ നമ്മുടെ സമകാലകവികൾ ഭൗതികാവസ്ഥകൾ ഉയർത്തുന്ന ഇത്തരം സന്ദിഗ്ദ്ധതകളെ മൂടിവെയ്ക്കാൻ, അവയെ കണ്ടില്ലെന്നു നടിക്കുക മാത്രമാണ് ചെയ്തുവരുന്നത്. ഇത്തരം അനവധി ചോദ്യങ്ങളെ പരിസ്ഥിതിയുമായി ഇടപെടുമ്പോൾ ഇടശ്ശേരി നേരിടുന്നുണ്ട്.

ഇത്തരം ചോദ്യങ്ങളാണ് ഇടശ്ശേരിയുടെ വിഭക്തവ്യക്തിത്വത്തെ അനാവരണം ചെയ്യുന്നത്. ഇതു വ്യക്തമാകണമെങ്കിൽ പാരിസ്ഥിതികപ്രശ്നങ്ങളെ മാനുഷികാവസ്ഥകളുമായി ചേർത്തുവെയ്ക്കുന്ന മൂർത്താനുഭവം എന്ന നിലയിൽ ഇടശ്ശേരിയുടെ കറുത്തചെട്ടിച്ചികൾ (1951), മണ്ണിന്റെ പുഞ്ചിരി (1953), വധു (1953), കുറ്റിപ്പുറം പാലം (1954), കുടം നിറയ്ക്കു കൂടെ വരൂ (1960), പുളിമാവുവെട്ടി (1963), ഒന്നുറങ്ങാൻ (1972) എന്നീ കവിതകളെ കാലാനുക്രമമായി വിലയിരുത്തേണ്ടിയിരിക്കുന്നു.

കർഷകമനസ്സിന്റെ തീർച്ചകളിലേയ്ക്ക് വിഭക്തവ്യക്തിത്വം ഉയർത്തുന്ന ചോദ്യങ്ങളാണ് ഈയർത്ഥത്തിൽ ഇടശ്ശേരിക്കവിതയെ നിർണ്ണയിച്ചത്. പ്രകതിയിലുണ്ടാവുന്ന നേർത്ത ചലനങ്ങളെപ്പോലും തിഥിയുടെയും പക്കത്തിന്റെയും ഞാറ്റുവേലകളുടെയും വി

ഷുഫലങ്ങളുടെയും സംക്രമവേദികളിൽ സ്പർശിച്ചറിയാനുള്ള ആറാമിന്ദ്രിയം കർഷകമനസ്സിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കർഷകന് പ്രതീക്ഷകളും ആശങ്കകളുമുണ്ടായിരുന്നു. എന്നാൽ പ്രതീക്ഷകളുടെ പൂമുഖപ്പടിയിലിരുന്ന്, കിഴക്കൻ മല കടന്ന് തമിഴുപേശി വാണിഭത്തിനെത്തുന്ന ചെട്ടിച്ചികളെപ്പോലുള്ള കാർമേഘമാലകളെ സാനന്ദം കാണുന്ന കവിയാണ് കറുത്തചെട്ടിച്ചികളിലുള്ളത്. സാമുദായികമൂല്യങ്ങളെന്നു വ്യവഹരിക്കുന്ന പലതും തള്ളിക്കളയേണ്ടതാണെന്ന കവിമനസ്സിന്റെ വിചാരം ഇടശ്ശേരി പ്രഖ്യാപിക്കുന്നതും കറുത്തചെട്ടിച്ചികളിലാണ്. ആർത്തലച്ച്, ഇരുകരകളുമിടിച്ച്, തിമിർത്താടി കുലം കുത്തിയൊഴുകിപ്പോകുന്ന ഇടവപ്പാതിയിലെ നദീസാന്നിദ്ധ്യവും, കിഴക്കൻ മലകളിൽ കൊമ്പുകുത്തിക്കളിക്കുന്ന കാർമേഘങ്ങളിലൂടെ ആകാശസാന്നിദ്ധ്യവും, കൊയ്തൊഴിഞ്ഞ മുണ്ടകപ്പാടങ്ങളുടെ ദാഹാർത്തമായ കിടപ്പിലൂടെ കർഷകന്റെ മനോമുദ്രയായ ഭൗമസങ്കല്പവും ഒരു വിരാട്രൂപം പോലെ ഒന്നിക്കുന്ന രചനയാണിതും. ഇവിടെ ഇടശ്ശേരിക്ക് രൂപപ്പെടുത്തേണ്ടിയിരുന്നത് മനുഷ്യനിൽ പ്രകൃതി ചെലുത്തുന്ന സ്വാധീനത്തേയും ആർദ്രതയേയും സംബന്ധിച്ച തീർച്ചകളുടെ വ്യക്തചിത്രമാണ്. ഈ തീർച്ചകൾ തന്നെയാണ് മണ്ണിന്റെ പുഞ്ചിരിയും വധുവും എഴുതുമ്പോൾ ഇടശ്ശേരിയിൽ പ്രവർത്തിച്ചിരുന്നത്.

പെരുമഴ സൃഷ്ടിക്കുന്ന പ്രളയ ചിത്രമാണ് 'മണ്ണിന്റെ പുഞ്ചിരി'. ഇവിടെ സർവ്വംഭക്ഷകയായി നദി കടന്നു വരുന്നു. എല്ലാം തച്ചുതകർത്ത് താണ്ഡവമാടുന്ന പ്രകൃതിയുടെ ചിത്രം തീർത്തും നിർമ്മമമായി വരച്ചിടുകയാണ് ഇടശ്ശേരി ഈ കവിതയിൽ ചെയ്തിരിക്കുന്നത്. 'പിള്ള തീനി തള്ളയോയിവൾ' എന്ന് പിൽക്കാലത്ത് കടമ്മനിട്ട ചിത്രീകരിച്ച കാലാവസ്ഥ തന്നെയാണ് ഇവിടെ കാവ്യാവസ്ഥയാകുന്നത്. പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം സംസ്ഥാപിക്കാൻ ശ്രമിക്കുന്ന പ്രകൃതിചിത്രം തീർത്തും സൗമ്യയും ശാന്തയുമായ പ്രകൃതിയാണ്. ഇത്തരമൊരു പ്രകൃതിയോടുള്ള മമതയാണ് പാരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ ലാവണ്യാനുഭവമായി നമ്മുടെ കവിതയിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതും. ഇടശ്ശേരി വിഭിന്നനാകുന്നതും ഇവിടെയാണ്. പ്രകൃതിപ്രതിഭാസങ്ങളെ അവയുടെ ആർദ്രതയിലും ക്രൗര്യത്തിലും ഒരേ മനോഭാവത്തോടെ ഏറ്റുവാങ്ങുന്നതിലാണ് ഇടശ്ശേരിയുടെ പ്രകൃതിദർശനം നിലയുറപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ പ്രകൃതിയുടെ ഏതുഭാവവും ആത്യന്തികമായി ചരാചരങ്ങളുടെ ആത്മസ്പന്ദത്തിനുള്ള ഉപാധിയാണെന്നും ഇടശ്ശേരി കരുതുന്നുണ്ട്. അതിനാലാണ് 'എല്ലാമെല്ലാം തച്ചുതകർത്തു പറന്നണയുന്ന കൊടുങ്കാറ്റേ നീ ഫുല്ലമലർക്കുലകൾക്കു സരാഗപരാഗമണച്ചിടുമെന്നാരോർത്തു' എന്ന് ഇടശ്ശേരി അതിശയിക്കുന്നത്.

എന്നാൽ പ്രകൃതിയുടെ സൃഷ്ടിസംഹാരഭാവങ്ങളെ നിശ്ചേതനമാക്കി ബന്ധിക്കുകയല്ല, മൂക്കുകയറിട്ട് ഉപയോഗയോഗ്യമാക്കുകയാണ് ഭൗതികാവശ്യങ്ങളുള്ള മനുഷ്യന്റെ കർമ്മധർമ്മങ്ങൾ എന്ന് ഇടശ്ശേരി കരുതുന്നു. ഇതിന്റെ ശക്തമായ ചിഹ്നങ്ങൾ 'വധു', 'കുടം നിറയ്ക്കൂ കൂടെ വരൂ'എന്നീ രചനകളിലുണ്ട്. ഉപ്പിലലിയാൻ പോകുന്ന നദിയും ദാഹജലം കാത്തു കിടക്കുന്ന വയലേലയും തമ്മിലുള്ള സമന്വയത്തിന്റെ പ്രശ്നം പുനരുല്പാദനത്തിന്റെ പ്രത്യയശാസ്ത്രവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നമാണ്. മേൽപറഞ്ഞ രണ്ടുകവിതകളും ഈ സമന്വയത്തിന്റെ ആവശ്യകത ഉന്നയിക്കുന്നവയുമാണ്. പിടിച്ചുകെട്ടാത്ത, മുറിപ്പെടുത്താത്ത പ്രകൃതി എന്ന ആശയത്തിൽ ഊന്നി നിന്നാണ് ഇടശ്ശേരി ഈ സമന്വയം സാധിക്കുന്നത്. പക്ഷേ, ഇത്തരമൊരു പാരിസ്ഥിതിക സമന്വയമല്ല നടക്കാനിരിക്കുന്നതെന്ന് ഇടശ്ശേരി ഒരു പ്രവാചകസ്വഭാവത്തിൽ കണ്ടിരുന്നു എന്നതിന് 'കുറ്റിപ്പുറം പാലം' തെളിവുതരുന്നു.

1954-ലാണ് കുറ്റിപ്പുറം പാലം ഇടശ്ശേരി എഴുതുന്നത്. ഒരു നെടുവീർപ്പുപോലെയുള്ള ഈ കൊച്ചു കവിതകൊണ്ട് വരുന്ന പതിറ്റാണ്ടുകളിൽ കേരളത്തിന്റെ പരിസ്ഥിതിയിലും മാനുഷികാവസ്ഥയിലും വരാനിരിക്കുന്ന ഭീതിദമായ വിപരിണാമങ്ങളെക്കുറിച്ച് പ്രവചിക്കുകയായിരുന്നു ഇടശ്ശേരി. രണ്ടു ഗ്രാമങ്ങളുടെ സാംസ്കാരിക വൈവിധ്യങ്ങളെ അവയുടെ തനിമയിൽ ഇരുകരകളിലും നിർത്തി പുലർത്തി പോരുകയാണ് ഒരു നദീസാന്നിദ്ധ്യം അനുഷ്ഠിക്കുന്നത്. നദിക്ക് കുറുകേ ഒരു പാലം ഉയരുമ്പോൾ ഈ സാംസ്കാരിക വൈവിധ്യത്തിലേയ്ക്ക് അധിനിവേശസംസ്കാരത്തിന്റെ കുടിയേറലുകൾ ഉണ്ടാവുകയും സാംസ്കാരിക വൈവിധ്യം അസ്തമിക്കുകയും ചെയ്യും. മനുഷ്യജീവിതങ്ങളെ ത്വരിപ്പിക്കുന്ന, നിരുപദ്രവങ്ങളായ ചിന്തകളും ചൊല്ലുകളും വിശ്വാസങ്ങളും ഈ അസ്തമയക്കറുപ്പിൽ പെട്ടുപോവുകയും ചെയ്യും. അപനവീകരണത്തിലേയ്ക്കുള്ള പ്രയാണം ആരംഭിക്കുന്നതും ഇവിടെ വെച്ചുതന്നെയാണ്. പാലത്തിനുപിറകേ റോഡും റോഡിലൂടെ വരുന്ന ലോറിയും പ്രയാണചിഹ്നങ്ങളായി മാറുന്നു. പുതിയ കവിയുടെ ഭാഷയിൽ ഈ അപനവീകരണം 'കോൺക്രീറ്റുനഗരജീവിതപ്പുക'യിൽ നിത്യസം

ഭവമാകുന്നു. ഇത്തരം അപനവീകരണത്തിന്റെ അങ്ങേത്തലയ്ക്കലാണ് കളിയും ചിരിയും കരച്ചിലും വറ്റി യന്ത്രസമാനനായി മാറുന്ന മനുഷ്യനെ ക്രാന്തദർശിയായ ഇടശ്ശേരി കാണുന്നത്. പാലത്തിന് നാട്ട നൂഴുന്ന പുഴയെ കാണുന്ന ഇടശ്ശേരിയിൽ രൂപപ്പെടുന്ന ചിരി കാലത്തിനുമപ്പുറത്തേയ്ക്ക് നോക്കുന്ന ഇടശ്ശേരിയിൽ തേങ്ങലായി പരിവർത്തിപ്പിക്കപ്പെടുകയും ചെയ്യുന്നു. ദശാബ്ദങ്ങൾക്കപ്പുറത്ത് സംഭവിക്കാനിരുന്ന ചരാചരപ്രകൃതിയുടെയും മാനുഷിക പ്രകൃതിയുടെയും മഹാരോദനത്തെയാണ് ഈ മഹാപ്രതിഭ തേങ്ങലായി സ്വന്തം ഉള്ളിൽ തളച്ചിട്ടത്.

ചരാചരപ്രകൃതിയിൽ ദൂരമൂത്ത മനുഷ്യൻ കൈവെയ്ക്കുമ്പോഴെല്ലാം ലഭിക്കുന്നത് നാണയത്തുട്ടിന്റെ താൽക്കാലിക കൈവല്യമാണെന്ന് ഇടശ്ശേരി ഉറപ്പിച്ചുപറഞ്ഞിട്ടുണ്ട്. അൻപതുകൾക്കുശേഷമുണ്ടായ കേരളീയ ജീവിതത്തിന്റെ മാനദണ്ഡം പണാധിപത്യത്തിന്റെ തോതിലുണ്ടായ ഉയർച്ചതാഴ്ചകളായിരുന്നു. ഏതൊരു ജീവിതാവസ്ഥയെയും പണം കൊടുത്തുവാങ്ങാനുള്ള ക്രയശേഷികൊണ്ട് അളന്ന ശരാശരി മലയാളിയെ പുളിമാവുവെട്ടി എന്ന കവിതയിലൂടെ, കാവ്യബോധം കൊണ്ട് ശിക്ഷിച്ചിട്ടുള്ള കവി ഇടശ്ശേരിയാണ്. അന്നം ഈശ്വരനായ ഈ കാലത്തിന്റെ ദ്രുതയാനം ആരംഭിച്ചത് എഴുപതുകളിലായിരുന്നു. വരാനിരിക്കുന്ന ദുരന്തത്തിന്റെ ആഴത്തെക്കുറിച്ചുള്ള ബോധം എഴുപതുകളിലെത്തുമ്പോഴേയ്ക്കും ഇടശ്ശേരിയിൽ തീവ്രമായിത്തീർന്നിരുന്നു. തീവ്രമായ ദുരന്തത്തിന്റെ പിടിയിൽ നിന്ന് താനടക്കമുള്ളവർക്ക് മോചനമില്ലെന്ന മാനുഷികമായ നൊമ്പരവും ഇടശ്ശേരിയിൽ ശക്തമായിക്കഴിഞ്ഞിരുന്നു. കുറ്റിപ്പുറംപാലം എഴുതിക്കഴിഞ്ഞു പതിനെട്ടു വർഷങ്ങൾക്കുശേഷം, തന്റെയുള്ളിൽക്കിടന്നു കുതറുന്ന ശക്തമായ തേങ്ങലിനെ നിവൃത്തിയില്ലാതെ കുടഞ്ഞു പുറത്തിട്ടതിന്റെ ഫലമാണ് 'ഒന്നുറങ്ങാൻ' എന്ന കവിത.

മരണമുഹൂർത്തത്തിൽ ശാന്തി മന്ത്രം അനുദ്ധ്യാനം ചെയ്യുംപോലെയും ഉള്ളിൽ നിന്ന് അടർന്നുവീണ ഘനീഭൂതസാന്ദ്രമായ തേങ്ങൽ പോലെയുമാണ് 'ഒന്നുറങ്ങാൻ' എന്ന രചന. 'എന്റെ വാക്കുകൾ അനാഥമാകുന്നുവല്ലോ' എന്ന ഇതിഹാസത്തിന്റെ ഇച്ഛാഭംഗം പോലെ സമാനമായൊരു ഇച്ഛാഭംഗത്തിന് ഒരനുബന്ധം പോലെയാണ് ഈ കവിത പ്രവർത്തിക്കുന്നത്. 'ഉരുക്കും റബ്ബറും സിമന്റുമില്ലാത്ത കരിമ്പുക വീർപ്പിൽ കുഴൽ നിറയ്ക്കാത്ത ധരാവിഭാഗത്തിലേയ്ക്കൊരിക്കൽ കൂടിയും നയിച്ചാലുമെന്നെപ്പഴയ മുത്തശ്ശീ' എന്ന മനം നിറഞ്ഞ പ്രാർത്ഥനയിലാണ് കവിത ആരംഭിക്കുന്നത്. സങ്കല്പചിത്രങ്ങളിൽ താനടക്കമുള്ളവർ കൊരുത്തെടുത്ത ഗ്രാമസ്ഥലികളുടെ സാക്ഷാത്കാരമെന്ന സ്വപ്നം പൊലിഞ്ഞു പോയെന്ന് ഇടശ്ശേരി തിരിച്ചറിയുന്നു. ഈ തിരിച്ചറിവിന്റെ മുദ്ര ഈ കവിതയിൽ ഉടനീളം വ്യാപരിച്ചിട്ടുണ്ട്. എങ്കിലും നിറഞ്ഞ സ്വപ്നത്തിന്റെ മായികവഴികളിലെങ്കിലും 'ജീവന്നുചിതമാംധരാവിഭാഗം' കണ്ടെത്തുമെന്ന് കവി ആശിക്കുന്നു. അതിനാൽ രുചികെടുത്തിയ വിഭവങ്ങളിൽ നിന്നും, കോൺക്രീറ്റ് പുതച്ച് മരവിച്ച മഹിയുടെ ചുരത്താത്ത മാറിൽ നിന്നും മൃതിയുടെ മാറിലെ സുഷുപ്തിയിലേക്ക് നയിക്കാനാണ് നിയതിയോട് കവി നെഞ്ചുപൊള്ളി ആവശ്യപ്പെടുന്നത്.

കവിത സമരോന്മുഖമാവണമെന്ന് മലയാളിയുടെ ആസ്വാദനബോധത്തെ ആണയിട്ടുറപ്പിച്ചത് ഇടശ്ശേരിയായിരുന്നു. കാലം തെറ്റിയാലും എത്താനിരിക്കുന്ന വർഗ്ഗസമരവുമായി ഈ സമരോന്മുഖതയെ തെറ്റി വായിക്കുന്ന വർത്തമാനകാലദുരന്തങ്ങൾക്കിടയിൽ ഇതിഹാസസമാനം ഇടശ്ശേരി നിൽക്കുന്നത് അദ്ദേഹത്തിന്റെ സഹജമായ മാനുഷികാവബോധം കൊണ്ടുമാത്രമാണ്. ഈ സഹജാവബോധത്തെ പ്രകൃതിക്കുനേരെ ഉയർത്തിപ്പിടിക്കുക മാത്രമാണ് ഇടശ്ശേരി ചെയ്തത്. സത്യസന്ധതവും ധീരവുമായ ആ കവിധർമ്മം കാലപ്രവാഹത്തിൽ വെറും വാക്കിന്റെ പൊള്ളത്തരമായി കലാശിച്ചില്ല. മറിച്ച് വരാനിരിക്കുന്ന കാലത്തോടുള്ള മുന്നറിയിപ്പായും തന്റെ കാലത്തോട് തനിക്കുള്ള അമർഷമായും രൂപാന്തരം പ്രാപിക്കുകയാണുണ്ടായത്. ഓന്തിനെയും പുഴുവിനെയും പഴുതാരയെയും പ്രണയിക്കുകയും, മനുഷ്യനെ സങ്കല്പങ്ങളിൽ പോലും ഒഴിച്ചുനിർത്തുകയും ചെയ്യുന്ന നമ്മുടെ കാലത്തെ പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ വഴികളിൽ ഇടശ്ശേരിയെ വായിക്കേണ്ടത്, ഈ മുന്നറിയിപ്പുകളും അമർഷങ്ങളും പിൽക്കാലത്ത് എന്തുമാത്രം ചലനങ്ങളുണ്ടാക്കി എന്ന് അന്വേഷിച്ചുകൊണ്ടായിരിക്കണം.